പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 308 28.10.2019-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. ആൻസലൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് ബ്ലഡ്ബാങ്ക് ലൈസൻസ് ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത ബ്ലഡ്ബാങ്കിലേയ്ക്ക് ബ്ലഡ്ബാങ്ക് മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള യോഗ്യതയുള്ള മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടില്ല. ഇതിന് കാരണം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ്ബാങ്ക് / ക്ലിനിക്കൽ ലാബ് കേഡറിൽ മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതാണ്. |
| (സി) ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ ഇല്ലാതെ ബ്ലഡ് ബാങ്ക് പ്രവർത്തിപ്പിക്കുവാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ; ഒരു ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർക്ക് ബ്ലഡ് ബാങ്കിന്റെ മേൽനോട്ടം വഹിക്കണമെങ്കിൽ എത്രമാസത്തെ ട്രയിനിംഗാണ് വേണ്ടതെന്ന് വ്യക്തമാക്കാമോ; | (സി) ഇല്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ്, 1945-ലെ റൂൾ 122-G പ്രകാരം, ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസറായി അംഗീകരിക്കുന്നതിന് വേണ്ട യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br>a. Pathology/Transfusion Medicine-ൽ MD ബിരുദാനന്തര ബിരുദ യോഗ്യതയോ അല്ലെങ്കിൽ<br>b. MBBS ബിരുദവും Pathology / Transfusion Medicine-ൽ Diploma |

| | | | |
|---|---|---|---|
| | | | യോഗ്യതയും, ബ്ലഡ്ബാങ്കിലുള്ള തൃപ്തികരമായപ്രവർത്തിപരിചയവും<br>അല്ലെങ്കിൽ<br>c. MBBS ബിരുദയോഗ്യതയും, ഒരു വർഷത്തെ ബ്ലഡ്ബാങ്കിലുള്ള പ്രവർത്തി പരിചയവും. |
| (ഡി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിന് ഡി.എം.ഒ നൽകിയ ശിപാർശയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | ഡി.എം.ഒ യുടെ ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ